"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോഴിക്കോട് കോർപ്പറേഷനിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുബൈദ.ടി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1388/2025 നമ്പർ കേസിലെ 05.08.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2306/2025/LSGD തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2025 തീയതിയിലെ LSGD/PD/20620/2025/DEB6 നമ്പർ ഉത്തരവ്.
2. ശ്രീമതി.സുബൈദ.ടി സർക്കാരിൽ സമർപ്പിച്ച 14.07.2025 തീയതിയിലെ നിവേദനം(Annexure A6 )
3. ശ്രീമതി.സുബൈദ.ടി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1388/2025 നമ്പർ കേസിലെ 05.08.2025 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2025 തീയതിയിലെ LSGD/PD/25495/2025-LL2 നമ്പർ കത്ത്.
5. 11.09.2025 തീയതിയിൽ ചേർന്ന പൊതുസ്ഥലം മാറ്റ അപ്പീൽകമ്മിറ്റിയുടെ മിനിറ്റ്സ്(തീരുമാനം നം.2).

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവ് പ്രകാരം വടകര മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റിയതിനെതിരെ കോഴിക്കോട് കോർപ്പറേഷനിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുബൈദ.ടി പരാമർശം 2 (Annexure A6) പ്രകാരം, സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.സുബൈദ.ടി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1388/2025 നമ്പർ കേസിലെ പരാമർശം (3) ഉത്തരവിൽ അപേക്ഷക സമർപ്പിച്ച Annexure A6 അപ്പീൽ പരിശോധിച്ച് ഉത്തരവ് ലഭിച്ച തീയതിമുതൽ ഒരു മാസത്തിനുള്ളിൽ ആയതിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.സുബൈദ.ടി. സമർപ്പിച്ച Annexure A6 അപേക്ഷ പ്രകാരം കോഴിക്കോട്

കോർപ്പറേഷനിൽ സീനിയർ പബ്ലിക് ഹെൽത്ത് പ്രമോട്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന തന്നെ 12.07.2025 ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പ്രകാരം വടകര മുനിസിപ്പാലിറ്റിയിൽ നിയമിച്ചതായും, കോഴിക്കോട് കോർപ്പറേഷനിൽ സ്ഥിരതാമസക്കാരിയായ ടിയാൾ ക്യാൻസർ ബാധിതയായി ആമാശയം, പാൻക്രിയാസ്, വൻകുടൽ, എന്നിവ ഭാഗികമായി നീക്കം ചെയ്ത വ്യക്തിയാണെന്നും അധികയാത്ര പാടില്ലായെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുള്ള വ്യക്തിയാണെന്നും മിശ്രവിവാഹിതയുമാണെന്ന് അറിയിക്കുന്നു. ടിയാളെ നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നതും എന്നാൽ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ 100 കിലോമീറ്റർ അകലെയുള്ള വടകര മുനിസിപ്പാലിറ്റിയിൽ മാറ്റിയതായും തന്റെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് കോഴിക്കോട് കോർപ്പറേഷനിൽ നിലനിർത്തി തരണമെന്ന് ടിയാൾ അപേക്ഷിക്കുകയുണ്ടായി. കൂടാതെ ശ്രീമതി.സുബൈദ.ടി ഇക്കാര്യത്തിൽ ഓൺലൈൻ പോർട്ടൽ മുഖേനയും അപ്പീൽ സമർപ്പിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ശ്രീമതി.സുബൈദ.ടി (G50827) 23.09.2015 മുതൽ കോഴിക്കോട് കോർപ്പറേഷനിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 ആയി ജോലി ചെയ്തു വരുന്നതായും, ടി തസ്തികയിലെ ജീവനക്കാർക്ക് സംസ്ഥാന തലത്തിൽ ആണ് സ്ഥലംമാറ്റനിയമനം നടത്തുന്നത് എന്നും അറിയിക്കുന്നു. സ.ഉ (കൈ) നം.46/2024/LSGD തീയതി 16.03.2024 നമ്പർ ഉത്തരവ് ഖണ്ഡിക 2(ബി) യിൽ ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാർ നിർബന്ധമായും സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവിലേക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാത്തവരെ പരിഗണിക്കുകയുള്ളൂ എന്നും സൂചിപ്പിക്കുന്നുണ്ട്. കൂടാതെ സ.ഉ (കൈ) നം.46/2024/LSGD തീയതി 16.03.2024 നമ്പർ ഉത്തരവ് ഖണ്ഡിക 1(എ) യിൽ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്കുള്ള പൊതുസ്ഥലംമാറ്റം ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷൻ മുഖേന നടപ്പാക്കേണ്ടതാണ് എന്നും സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പ്രസ്തുത ആപ്ലിക്കേഷൻ മുഖേന മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിക്കുന്നുണ്ട്. ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷനിൽ "നിലവിൽ ചികിത്സ തുടരുന്ന ഗുരുതരമായ അസുഖം ബാധിച്ച വ്യക്തിക്ക് (കാൻസർ, ഹൃദയ ശസ്ത്രക്രിയ നടത്തിയവർ, പക്ഷാഘാതം, അവയവ മാറ്റം/അവയവദാനം നടത്തിയവർ)" അനുകമ്പാർഹമായ മുൻഗണന ലഭിക്കുന്നതിന് വേണ്ട ഓപ്ഷൻ നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഹർജിക്കാരിയായ ശ്രീമതി.സുബൈദ.ടി ഓൺലൈൻ മുഖേന സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ടിയാൾ 3 വർഷം പൂർത്തീകരിച്ചതിനാൽ ടി സ്റ്റേഷനിൽ നിന്ന് നിർബന്ധമായും സ്ഥലം മാറ്റേണ്ടത് അനിവാര്യമാണ്. അപ്രകാരം ഓൺലൈൻ മുഖേന നടത്തിയ സ്ഥലംമാറ്റം വഴി ടിയാൾ വടകര മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ശ്രീമതി.സുബൈദ.ടി സ്ഥലം മാറ്റത്തിനുള്ള അപേക്ഷ, ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷൻ മുഖേന സമർപ്പിക്കാതിരുന്നതിനാലാണ് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിക്കാൻ സാധിക്കാത്തതെന്ന് കാണുന്നതായും റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1/പബ്ലിക് ഹെൽത്ത് പ്രൊമോട്ടർ തസ്തികയിലെ സ്ഥലംമാറ്റം സർക്കാർ മാനദണ്ഡപ്രകാരം മാത്രമാണ് നടന്നിട്ടുള്ളത് എന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ

സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം Annexure A6 അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതു സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു, ശ്രീമതി.സുബൈദ.ടി 23.09.2015 മുതൽ കോഴിക്കോട് കോർപ്പറേഷനിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 ആയി ജോലി ചെയ്തു വരുന്നതായും, നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ടിയാൾ 3 വർഷം പൂർത്തീകരിച്ചതിനാൽ ടി സ്റ്റേഷനിൽ നിന്ന് നിർബന്ധമായും സ്ഥലം മാറ്റേണ്ടതുണ്ട് എന്നും കാണുന്നു. ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാർ നിർബന്ധമായും സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് സ.ഉ (കൈ) നം.46/2024/LSGD തീയതി 16.03.2024 നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ശ്രീമതി.സുബൈദ.ടി ഓൺലൈൻ മുഖേന സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. ചികിത്സ തുടരുന്ന ഗുരുതരമായ അസുഖം ബാധിച്ച വ്യക്തിക്ക് (കാൻസർ, ഹൃദയ ശസ്ത്രക്രിയ നടത്തിയവർ, പക്ഷാഘാതം, അവയവ മാറ്റം/അവയവദാനം നടത്തിയവർ) അനുകമ്പാർഹമായ മുൻഗണന ലഭിക്കുന്നതിന് വേണ്ട ഓപ്ഷൻ ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷനിൽ നൽകിയിട്ടുണ്ടായിരുന്നുവെങ്കിലും ശ്രീമതി.സുബൈദ.ടി ഓൺലൈൻ മുഖേന സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാതിരുന്നതിനാലാണ് ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിക്കാൻ സാധിക്കാത്തതെന്നും കാണുകയുണ്ടായി.

5. ശ്രീമതി.സുബൈദ.ടി സ്ഥലംമാറ്റത്തിനെതിരെ ഓൺലൈൻ മുഖേന സമർപ്പിച്ച അപ്പീൽ അപേക്ഷ 11.09.2025 ന് കൂടിയ അപ്പീൽകമ്മിറ്റിയിൽ പരിഗണിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ മിനിറ്റ്സ്(തീരുമാനം നം.2) ചുവടെ ചേർക്കുന്നു-

*"കോഴിക്കോട് കോർപ്പറേഷനിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്ഗ്രേഡ് 2 ആയി ജോലി ചെയ്തു വരുന്ന ശ്രീമതി.സുബൈദ.ടി സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചു ശ്രീമതി.സുബൈദ.ടി. നിർദ്ദിഷ്ട ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം പരിഗണിക്കാൻ സാധിക്കില്ല, മാത്രമല്ല ടിയാൾ കഴിഞ്ഞ 10 വർഷമായി കോഴിക്കോട് കോർപ്പറേഷനിൽ സേവനത്തിൽ തുടരുന്നു. കൂടാതെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ 66 തസ്തികകൾ മാത്രമാണ് സംസ്ഥാനമാകെ നിലവിലുള്ളത് എന്നും കോഴിക്കോട് കോർപ്പറേഷൻ കഴിഞ്ഞാൽ ടിയാൾക്ക് ഏറ്റവും സൗകര്യപ്രദമായ വടകര നഗരസഭയിലാണ് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളതെന്നും കമ്മിറ്റി യോഗത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ നിരസിക്കുന്നതിന് തീരുമാനമെടുത്തു. "*

6. മേൽ സാഹചര്യത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് വടകര മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റിയതിനെതിരെ ശ്രീമതി.സുബൈദ.ടി സമർപ്പിച്ച Annexure A6 അപേക്ഷ പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 1388/2025 നമ്പർ കേസിലെ 05.08.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീമതി.സുബൈദ.ടി, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, കോഴിക്കോട് കോർപ്പറേഷൻ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 23-09-2025 12:51:56

സെക്ഷൻ ഓഫീസർ